## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2862 — 02/04/2013-ൽ മറുപടിയ്ക്ക്

## ലാന്റ് അക്വിസിഷൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) വേളം കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിനും കുറ്റ്യാടി ബൈപ്പാസിനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഓരോ പ്രൊപ്പോസലിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ബി) കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിനുവേണ്ടി 46.5944 ഹെക്ടർ ഭൂമി മുൻകൂർ ഏറ്റെടുത്ത് കെ. എസ്. ഐ. ഡി. സി. ക്ക് കൈമാറിയിട്ടുള്ളതും അവാർഡ് പാസാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br><br>കുറ്റ്യാടി ബൈപ്പാസിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് 21-07-2010-ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ചത് തുടർ നടപടികൾക്കായി 20-10-2011-ന് പൊതുമരാമത്ത് വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.